510790

**D 103710** (Pages : 2) Name.......................................

Reg. No...................................

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2024

B.A./B.Sc.

Malayalam

MAL 2A 08(1)—MALAYALA SAHITHYAM – 2

(2019–2023 Admissions)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 "ആ വിശുദ്ധമാം മുഗ്ധ-പുഷ്പത്തെക്കണ്ടില്ലെങ്കിൽ !

അ വിധം പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ"

—സന്ദർഭം എന്ത് ?

2 അംബ ഭീഷ്മരോട് പ്രതികാരം ചെയ്തത് എങ്ങനെ ?

3 "ഏഴോ എഴുപതോ ഏഴായിരമോ

അതിൽ നിറഭേദങ്ങൾ ?"

—വിവക്ഷിതമെന്ത് ?

4 "സ്ഥിരമില്ലാത്ത ലോകത്തിലെന്തിനായ്

ചിരവിരഹി ഞാൻ മേലിലും കേഴണം.

—ആരുടെ വിലാപമാണിത് ?

5 "തൂവിതൂവി മധുരം വഴിയും തെന്നലിനോടും സൂതകുമാരൻ ചോദിച്ചു "—എന്താണ് ചോദിച്ചത് ?

6 'നളിനി' എന്ന കൃതിയുടെ മറ്റൊരു പേര് എന്ത് ? അതിന്റെ ഔചിത്യമെന്ത് ?

7 "നെഞ്ചിൽ ഉരുവിടും ചൊല്ലുകൾ തെറ്റാതെ

നിന്റെ വിരലിനറ്റങ്ങൾ മുഴക്കുക"

—സന്ദർഭം എന്ത് ?

8 "ചാരമാമെന്നെ കർമ്മകാണ്ഡങ്ങളിൽ ധീരനാക്കുന്നതെന്തൊക്കെയാണെന്നോ ? സന്ദർഭം ?

9 "ജീവിത ദുഃഖത്തിന്റെ കരയിൽ ഒറ്റയ്ക്ക് കുടിലും കെട്ടിപ്പാർത്ത ഈ മനുഷ്യനായിരുന്നു മലയാള സാഹിത്യത്തിലെ ആദ്യത്തെ കാല്പനികവാദിയായ അന്യൻ (romantic outsider) ആര് ആരെക്കുറിച്ച് പറയുന്നതാണിത് ?

**Turn over**

510790

10 “ആശാനും വൈലോപ്പിള്ളിക്കും ഇടശ്ശേരിക്കും അക്കിത്തത്തിനും ഒപ്പം പരിഗണന അർഹിക്കുന്നുണ്ട് ബാലാമണിയമ്മ”. ആരുടെ അഭിപ്രായമാണിത് ?

11 “കൃത്യമായി പറഞ്ഞാൽ നൂറ്റിപ്പത്ത് വർഷത്തെ ചരിത്രമുണ്ട് മലയാള നോവലിന്. ആര് എവിടെ പരാമർശിക്കുന്നതാണ് ഇപ്രകാരം ?

12 “ചിത്തമാം വലിയ വൈരി കീഴമർ-

ന്നത്തൽ തീർന്നയമി തന്നെ ഭാഗ്യവാൻ”. ആര് ?

13 ദുഷ്യന്തന്റെ രക്ഷയ്ക്ക് കാളിദാസൻ നിയോഗിച്ചത് ആരെ ?

14 വിടരാനിരിക്കുന്ന പൂവുകളോട് കവി പറയുന്ന കഥ എന്താണ് ?

15 “മറവി തന്നിൽ മറഞ്ഞു മനസ്സാലെൻ

മരണഭേരിയടിക്കും സഖാക്കളേ !”ഏത് ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 പ്രതീകങ്ങളിലൂടെ സ്നേഹത്തിന്റെ സവിശേഷ അർത്ഥങ്ങൾ വെളിപ്പെടുത്തുന്ന കവിതയാണോ സൂര്യകാന്തി ? വ്യക്തമാക്കുക.

17 മണിനാദം ആത്മകഥാംശമുള്ള കവിതയാണോ ? പരിശോധിക്കുക.

18 വൈരുദ്ധ്യങ്ങ ളുടേതായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ കേരളീയ സാമൂഹിക രംഗം. എന്തു കൊണ്ട് ?

19 മഴുവിന്റെ കഥയിലെ ഊർജ്ജസ്രോതസ്സ് പുരാവൃത്തമാണ്. പരിശോധിക്കുക.

20 പരശുരാമനും ശിഷ്യനും ചേർന്ന് അംബയ്ക്ക് ഭീഷ്മരോട് ഉള്ള പക ആളി കത്തിയ്ക്കുകയാണ് ചെയ്തത്. ഇതിന് മാരാർ കണ്ടെത്തുന്ന കാരണമെന്ത് ?

21 മാതൃത്വത്തിന്റെ മഹനീയതയെ എങ്ങനെയൊക്കെ ആദരിക്കാം എന്നാണ് ‘അമ്മയെ കുളിപ്പി ക്കുമ്പോൾ’ എന്ന കവിത പഠിപ്പിക്കുന്നത് ?

22 ആശാൻ കവിതയിലെ ചിന്താധീരത നളിനിയിൽ കണ്ടെത്താനാകുമോ ?

23 പുത്തൻചൊല്ല് എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

(35 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. പരമാവധി 20 മാർക്ക്.

24 ആധുനിക മലയാള കവിതയുടെ പ്രത്യേകതകൾ പാഠഭാഗങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

25 കുട്ടികൃഷ്ണ മാരാർ, ജോസഫ് മുണ്ടശ്ശേരി എന്നിവർ മലയാള ഗദ്യത്തെ ഏതൊക്കെ തരത്തിൽ യുക്ത്യ ധിഷ്ഠിതമാക്കി ?

26 ആശാന്റെ കാല്പനികതയിൽ നിന്നും ഇടപ്പള്ളിയിലേക്ക് എത്തുമ്പോൾ മലയാള കവിതയുടെ ഭാവ പരിണാമം എങ്ങനെ അടയാളപ്പെടുത്താം ?

27 സാവിത്രി രാജീവൻ, കൽപ്പറ്റ നാരായണൻ എന്നിവർ സ്ത്രീ അവസ്ഥകളെ വീണ്ടെടുക്കുന്നത് എങ്ങ നെ ?

(2 × 10 = 20 mrks)

**D 103710-A** **(Pages : 5)** **Name.......................................**

**Reg. No...................................**

**SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2024**

B.A./B.Sc.

Malayalam

MAL 2A 08(1)—MALAYALA SAHITHYAM – 2

(2019–2023 Admissions)

(Multiple Choice Questions for SDE Candidates)

| **Time : 15 Minutes** | **Total No. of Questions : 20** | **Maximum : 20 Marks** |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

12282

510790



MAL 2A 08(1)—MALAYALA SAHITHYAM – 2

(Multiple Choice Questions for SDE Candidates)

1. നളിനികാവ്യത്തിന്റെ ആരംഭത്തിൽ നായകനെ കവി അവതരിപ്പിക്കുന്നതെങ്ങിനെയാണ് ?

   (A) പ്രിയവല്ലഭയെപ്പിരിഞ്ഞു, ഹാ ദയനീയൻ തിരിയുന്നു.

   (B) ഉദ്ഫുല്ലബാലരവിപ്പോലെ കാന്തിമാൻ.

   (C) രുജയാൽ പരിപക്വസത്വനായ്.

   (D) കാന്തിമാനിൽ നിന്നും കട പൊട്ടിപറന്നെത്തും.

2. നളിനീ കാവ്യത്തിന് അവതാരിക എഴുതിയതാര് ?

   (A) കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

   (B) ജോസഫ് മുണ്ടശ്ശേരി.

   (C) പി. ഭാസ്കരനുണ്ണി.

   (D) ഏ.ആർ. രാജരാജവർമ്മ.

3. സൂര്യകാന്തി എത്തരത്തിലുള്ള ഒരു കാവ്യമാണ് എന്ന ചർച്ച സാഹിത്യരംഗത്ത്ച്ചൂടു പിടിച്ചപ്പോൾ കാവ്യത്തെ കുറിച്ച് കവിയുടെ പ്രഖ്യാപനമെന്തായിരുന്നു ?

   (A) മുഗ്ദ്ധപ്രണയഗീതം.

   (B) മിസ്റ്റിക് കാവ്യം.

   (C) റിയലിസ്റ്റിക് കാവ്യം.

   (D) സിംബലിസ്റ്റ് കാവ്യം.

4. ഇടപ്പള്ളി രാഘവൻപിള്ള കണക്കപിള്ളയായി ജോലി നോക്കിയിരുന്ന പ്രതിവാര പത്രിക ?

   (A) കേരളകേസരി.

   (B) സുഗുണാനന്ദിനി.

   (C) കേരളമിത്രം.

   (D) ശ്രീമതി.

5. "പിരികയാണിതാ ഞാനൊരധഃകൃതൻ

   കരയുവാനായ് പിറന്നൊരു കാമുകൻ"

   –ഏത് കവിതയിലെ വരികളാണിത് ?

   (A) രമണൻ.

   (B) നാളത്തെ പ്രഭാതം.

   (C) മണിനാദം.

   (D) തുഷാരഹാരം.

510790

510790



6. ഇടിഞ്ഞ് പൊളിഞ്ഞ ലോകം ആരുടെ കവിത ?

   (A) ജി. ശങ്കരക്കുറുപ്പ്.
   (B) ഇടപ്പള്ളി രാഘവൻ പിള്ള.
   (C) അയ്യപ്പപണിക്കർ.
   (D) അക്കിത്തം.

7. കലോപാസകൻ എന്ന കവിതയിലെ കവിയുടെ രൂപം എത്തരത്തിലുള്ളതാണ് ?

   (A) പ്രകാശമാർന്ന രൂപം.
   (B) ഐശ്വര്യത്തിന്റെ മൂർത്തീരൂപം.
   (C) ദുഃഖത്തിന്റെ പ്രതിരൂപം.
   (D) സമൃദ്ധിയുടെ മേദസ്സാർന്ന രൂപം.

8. അയ്യപ്പപണിക്കരുടെ കവിതകളിൽ വിചിത്രമായ അർത്ഥ കൽപ്പനകളുള്ള ഒരു കവിതയാണ് ?

   (A) മൃത്യുപൂജ.
   (B) കുടുംബ പുരാണം.
   (C) പുരൂരവസ്.
   (D) കുതിരക്കൊമ്പ്.

9. കുതിരക്കൊമ്പ് എന്ന കവിതാശീർഷകം എന്തിനെയാണ് സൂചിപ്പിക്കുന്നത് ?

   (A) മിഥ്യയായ ഒന്നിനെ.
   (B) സത്യത്തെ.
   (C) സംശയാസ്പദമായ ഒന്നിനെ.
   (D) നിർവ്വചിക്കാനാവാത്ത ഒന്നിനെ.

10. കുതിരക്കൊമ്പ് എന്ന കവിതയുടെ ആഖ്യാനരീതി എപ്രകാരമുള്ളതാണ് ?

    (A) നാടകീയാഖ്യാനം.
    (B) നാടോടി മട്ടിലുള്ള കഥാഖ്യാനരീതി.
    (C) കാൽപനിക കാവ്യരീതി.
    (D) സ്വഗതാഖ്യാനം.

11. വാടിയ പൂക്കളോടല്ല ഇനിയുമുണരേണ്ട മൊട്ടുകളോടാണ് കഥ പറയേണ്ടത് എന്നതിലൂടെ ആരോടാണ് തനിക്ക് പറയാനുള്ളത് എന്നാണ് കവി അർത്ഥമാക്കുന്നത് ?

    (A) കുശിനിക്കാരനോട്.
    (B) മധുഭാഷിണിയോട്.
    (C) സൂതകുമാരനോട്.
    (D) പുതിയ തലമുറയോട്.

12. ആറ്റൂരിന്റെ ഒരു വിവർത്തന കൃതിയാണ് —————.

    (A) സംക്രമണം.
    (B) ഒരു പുളിമരത്തിന്റെ കഥ.
    (C) നഗരത്തിൽ ഒരു യക്ഷൻ.
    (D) മേഘരൂപൻ.



510790

13. അമ്മയെ കുളിപ്പിക്കുമ്പോൾ എന്ന കവിത മുന്നോട്ട് വെയ്ക്കുന്ന ആശയമെന്ത് ?

(A) വാർദ്ധക്യം വെറുക്കപ്പെടേണ്ടതാണ്. (B) വാർദ്ധക്യത്തിൽ അതിയായ കരുതൽ.

(C) വാർദ്ധക്യത്തെ അവഗണിക്കണം. (D) വാർദ്ധക്യം അനാഥമാണ്.

14. ഉണ്ണുനീലി സന്ദേശം ഒരു ഹാസ്യ കാവ്യമാണെന്ന് സമർത്ഥിക്കുന്ന മാരാരുടെ ലേഖനം :

(A) ഉണ്ണുനീലി സന്ദേശം ഒരു മുഴുത്ത ചിരി.

(B) ഉണ്ണുനീലി സന്ദേശം ഒരു ഹാസ്യകാവ്യം.

(C) മുണ്ടക്കൽ സന്ദേശം ഒരു മുഴുത്ത ചിരി.

(D) മുണ്ടക്കൽ സന്ദേശം ഒരു ഹാസ്യകവനമോ.

15. ദന്തഗോപുരം ആരുടെ രചനയാണ് ?

(A) ഏ.ആർ. രാജരാജവർമ്മ. (B) കുട്ടികൃഷ്ണ മാരാർ.

(C) ജോസഫ് മുണ്ടശ്ശേരി. (D) തോമസ് മാത്യു.

16. ജോസഫ് മുണ്ടശ്ശേരിയുടെ ആത്മകഥയുടെ പേര് :

(A) കഴിഞ്ഞകാലം. (B) കൊഴിഞ്ഞ ഇലകൾ.

(C) ഓർമ്മയുടെ അറകൾ. (D) ഓർമ്മയുടെ ഓളങ്ങൾ.

17. അഭിജ്ഞാന ശാകുന്തളത്തിന്റെ മൂലകഥ അടങ്ങിയിട്ടുള്ളത് ഏത് പുരാണകൃതിയിലാണ് ?

(A) രാമായണം. (B) ഗരുഡപുരാണം.

(C) മഹാഭാരതം. (D) ഭാഗവതം.

18. ഉപേക്ഷിക്കപ്പെട്ട് വർഷങ്ങൾക്ക് ശേഷം ശകുന്തളയും ദുഷ്യന്തനും തമ്മിൽ വീണ്ടും കണ്ടു മുട്ടുന്നതെവിടെ വെച്ച് ?

(A) കണ്വാശ്രമത്തിൽ വെച്ച്. (B) കശ്യപാശ്രമത്തിൽ വെച്ച്.

(C) അഗസ്ത്യാശ്രമത്തിൽ വെച്ച്. (D) വസിഷ്ഠാശ്രമത്തിൽ വെച്ച്.

510790



19. കെ.പി. അപ്പന്റെ അഭിപ്രായത്തിൽ ഇടപ്പള്ളിയുടെ കാവ്യദർശനത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുള്ള ഒന്നാണ് :

    (A) സാമൂഹിക നീതി. (B) സമത്വബോധം.

    (C) മൃത്യുബോധം. (D) സ്വതന്ത്രചിന്ത.

20. മനുഷ്യന്റെ അന്യതാബോധത്തെ പറ്റി പഠനം നടത്തിയതാര് ?

    (A) യൂഗോ. (B) കോളിൻ വിൽസൻ.

    (C) ബോദ്‌ലയർ. (D) റൂസ്സോ.

510790